MIN/240923/OAA

Date: 23/09/2024

# അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ട്

2024-25 അധ്യയന വർഷത്തിലെ ആദ്യ അക്കാദമിക് കൗൺസിൽ യോഗം 28-08-2024 ബുധനാഴ്ച ഉച്ചക്ക് 2.00 മണി മുതൽ വൈകീട്ട് 4.40 വരെ ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ ചേർന്നു. രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ അജണ്ട വിശദീകരിച്ചു ആമുഖഭാഷണം നടത്തി. വൈസ് ചാൻസലർ ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷത വഹിച്ചു.

**പങ്കെടുത്തവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. ഡോ. യു.വി.കെ മുഹമ്മദ്
3. യു. ശാഫി ഹാജി
4. ഡോ. ജാബിർ കെടി ഹുദവി പറമ്പിൽപീടിക
5. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
6. പി.കെ അബ്ദുന്നാസിർ ഹുദവി കൈപ്പുറം
7. ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ
8. ഡോ. സുഹൈൽ ഹിദായ ഹുദവി
9. ഡോ. ശാഫി ഹുദവി വെളിമുക്ക്
10. സി.ടി റഊസ് ഹുദവി വാഴക്കാട്
11. പി. അബ്ദുർറശീദ് ഹുദവി ഏലംകുളം
12. എ.പി മുസ്ഥഫാ ഹുദവി അരൂർ
13. ഇ.കെ സിറാജുദ്ദീൻ ഹുദവി
14. ശമീറലി ഹുദവി പള്ളത്ത്
15. ഡോ. ഇസ്മാഈൽ ഹുദവി ചെമ്മലശ്ശേരി
16. ഡോ. കെ.ടി ഹാരിസ് ഹുദവി കുറ്റിപ്പുറം
17. ഡോ. കെ.ടി അബ്ദുൽഗഫൂർ ഹുദവി
18. ഡോ. ടി. അബ്ദുൽജലീൽ പെരിന്തൽമണ്ണ
19. എ.വി ഉനൈസ് ഹുദവി ചെമ്മാട്
20. മുഹമ്മദ് അലി റബീഅ് ഹുദവി കണ്ണാട്ടിപ്പടി
21. അലിഹസൻ ഹുദവി പാലത്തറ
22. കെ.എം. ഹാശിം ഹുദവി കൂരിയാട്

**ചർച്ചകൾ**

**1. ബോർഡ് ഓഫ് സ്റ്റഡീസ് യോഗ തീരുമാനങ്ങൾ അന്തിമമാക്കൽ**

വിവിധ കുല്ലിയ്യകളുടെ മേധാവികൾ കുല്ലിയ്യകൾക്കു കീഴിലുള്ള ബോർഡുകളുടെ യോഗ തീരുമാനങ്ങളും നിർദേശങ്ങളും അവതരിപ്പിച്ചു.

**1.1 കുല്ലിയ്യ ഓഫ് ഖുർആൻ ആന്റ് സുന്ന:**

1.1.1 ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ പ്രധാന ചർച്ചകൾ ഡീൻ ഡോ. സുഹൈൽ ഹിദായ ഹുദവി അവതരിപ്പിച്ചു.

- തഫ്സീർ പാഠഭാഗങ്ങൾ പുന:ക്രമീകരിക്കുന്നതിനായി അധ്യാപകരുടെ ശിൽപശാല നടത്തുക.

- രണ്ടു സെമസ്റ്ററുകളിലായി പഠിപ്പിക്കപ്പെടുന്ന തഫ്സീറുൽ ബൈദാവി, തഫ്സീറുന്നസഫി എന്നിവയിൽ ഏതെങ്കിലുമൊന്ന് ഒരു സെമസ്റ്ററിലേക്ക് ചുരുക്കുകയും പുതിയ ഒരു തഫ്സീർ ഗ്രന്ഥം പാഠ്യപദ്ധതിയിൽ ഉൾപെടുത്തുകയും ചെയ്യുന്നത് ആലോചിക്കുക.
- കഴിഞ്ഞ വർഷം ചർച്ച ചെയ്ത ഹാസിബ് നിയമനവുമായി ബന്ധപ്പെട്ട് ജോബ് ഡിസ്ക്രിപ്ഷൻ തയ്യാറാക്കാൻ ആബിദ് ഹസൈൻ ഹുദവിയെ ചുമതലപ്പെടുത്തി.
- تخريج الحديث പേപ്പർ പഠിപ്പിക്കുന്ന അധ്യാപകർക്ക് സബജ്ക്റ്റ് ഓറിയന്റേഷൻ നൽകുക.
- ദാറുൽഹുദാ ഹാൻഗൽ കാമ്പസിൽ ഡിഗ്രി ആരംഭിക്കുകയും ഹദീസ് ഡിപ്പാർട്ട്മെൻറ് അനുവദിക്കുകുയം ചെയ്യുക.

1.1.2 തഫ്സീർ പാഠഭാഗങ്ങൾ പുന:ക്രമീകരിക്കുന്നതിലൂടെ ഖുർആനിലെ മുഴുവൻ സൂറത്തുകളും പഠിക്കുക എന്നതാണോ ഉദ്ദേശിക്കുന്നതെന്ന് ബഹു. വൈസ് ചാൻസലർ ആരാഞ്ഞു. അങ്ങനെയല്ലെന്നും, ഖുർആനിലെ പ്രധാന ഭാഗങ്ങൾ വിദ്യാർഥികൾ പഠിക്കുന്ന തരത്തിലുള്ള ക്രമീകരണമാണ് ഉദ്ദേശിക്കുന്നതെന്നും കുല്ലിയ്യ ഡീൻ ഡോ. സുഹൈൽ ഹുദവി വിശദീകരിച്ചു.

1.1.3 പല സ്ഥാപനങ്ങൾക്കായി ഒരു ഹാസിബിനെ നിശ്ചയിക്കുന്നതിനുപകരം ഖുർആൻ പാരായണം പഠിപ്പിക്കാൻ കഴിവുള്ള ഉസ്താദുമാരെ സ്ഥാപനങ്ങളിൽ നിശ്ചയിക്കുകയും അവർക്ക് മറ്റു വിഷയങ്ങൾ കൂടി ക്ലാസെടുക്കാനുള്ള അവസരം നൽകലുമാണ് ഉചിതമെന്ന് യോഗം അഭിപ്രായപ്പെട്ടു. യോഗ്യരായ അധ്യാപകരെ ലഭിക്കാത്തതാണ് ഇങ്ങനെ നിയമനം നടത്തുന്നതിലുള്ള പ്രയാസമെന്ന് ഡീൻ വ്യക്തമാക്കി.

ചുരുങ്ങിയത് ഖുർആനിലെ 5 ജുസ്അ് എങ്കിലും വിദ്യാർഥികൾ മന:പാഠമാക്കുന്നത് നല്ലതാണെന്നും, ഇസ്‌ലാമിക ലോകത്തെ ഉന്നത മതപഠനശാലകളിൽ പഠിക്കുന്നവർക്ക് ഇത് നിർബന്ധമാണെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. വരും വർഷങ്ങളിൽ ഇക്കാര്യം കരിക്കുലത്തിൽ ഉൾപെടുത്താമെന്ന് ധാരണയായി.

1.1.4 സ്വന്തമായി ഖുർആൻ മന:പാഠമാക്കുന്നവർക്ക് ദാറുൽഹുദായുടെ ഹിഫ്ള് സർട്ടിഫിക്കറ്റ് നൽകണമെന്ന് എന്ന് ഡോ. ഇസ്മാഈൽ ഹുദവി ആവശ്യപ്പെട്ടു. ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കുകയും, ദൗറ നടത്തുകയും ചെയ്യുന്ന വിദ്യാർഥികൾക്ക് ഇക്കാര്യം നല്ലതാണെന്ന് യോഗം വിലയിരുത്തി. ഇക്കാര്യം ചർച്ച ചെയ്തു വേണ്ട നിയമനിർമ്മാണം നടത്താൻ ഖുർആൻ ബോർഡ് ഓഫ് സ്റ്റഡി ഭാരവാഹികളെ ചുമതലപ്പെടുത്തി.

**1.2 കുല്ലിയ്യ ഓഫ് ശരീഅ**

1.2.1ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ പ്രധാന ചർച്ചകൾ ഡീൻ ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ അവതരിപ്പിച്ചു.

- ഫിഖ്ഹ്, ഉസ്വൂലുൽഫിഖ്ഹ് എന്നീ വിഷയങ്ങൾക്ക് ഡിഗ്രിയിൽ ഓരോ സെമസ്റ്ററിലും ഒരു പിരീഡ് വീതം വർധിപ്പിക്കുക.
- വിഷയാടിസ്ഥാനത്തിൽ ഫിഖ്ഹ് പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സിലബസ് ഭാഗങ്ങൾ ചർച്ച ചെയ്യാനായി തെരഞ്ഞെടുക്കപ്പെട്ട അധ്യാപകരുടെ ശിൽപശാല നടത്തുകയും ശേഷം ഫിഖ്ഹ് പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരെയും വിളിച്ച് ക്ലാസ് നൽകുകയും ചെയ്യുക.
- المدخل إلى الفقه الإسلامي എന്ന പേപ്പറും تاريخ المذاهب الإسلامية എന്ന പേപ്പറും ഒന്നാക്കി, Islamic Finance പേപ്പർ അധികമായി ഉൾപെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുക. അമീർ ഹുസൈൻ ഹുദവി, അനസ് ഹുദവി നെല്ലിക്കുത്ത് എന്നിവരെ ചുമതലപ്പെടുത്തി.
- മുഗ്നിയിൽ فرائض വിശദമായി പഠിക്കുന്നതിനാൽ മഹല്ലിയിൽനിന്ന് ആ ഭാഗം ഒഴിവാക്കുക.

1.2.2 പിരീഡ് വർധിപ്പിക്കുന്നതിന് പകരം ഉള്ള പിരീഡിൽ പഠിപ്പിക്കുകയും അതിനനുസരിച്ച് അധ്യാപന ശൈലി മാറ്റുകയും ചെയ്താൽ മതിയാവില്ലേ എന്ന് രജിസ്ട്രാർ അഭിപ്രായപ്പെട്ടു. എല്ലാ വിദ്യാർഥികൾക്കും എല്ലാ വിഷയത്തിലും താൽപര്യമുണ്ടാവില്ലെന്നും, ഏതെങ്കിലും ഒരു വിഷയത്തിന് കൂടുതൽ പ്രധാന്യം നൽകിയാൽ, ആ മേഖലയിൽ താൽപര്യക്കുറവുള്ളവർക്ക് പ്രയാസമാവുമെന്നും അദ്ദേഹം വിശദീകരിച്ചു. നിലവിലെ പിരീഡ് ക്രമം നടപ്പിലായതിനു ശേഷമാണ് ഡിഗ്രി തലത്തിൽ അഖീദ, സോഷ്യൽ സയൻസ് വിഷയങ്ങൾക്ക് പരിഗണന കിട്ടിയതെന്നു ഡോ. സുഹൈൽ ഹുദവി സൂചിപ്പിച്ചു.

ഇക്കാര്യത്തിൽ കൃത്യമായ ധാരണ ലഭിക്കണമെങ്കിൽ ഡിഗ്രി കാലയളവിൽ ദാറുൽഹുദായുടെ ലക്ഷ്യത്തിനനുസരിച്ച് ഓരോ വിഷയത്തിലും വേണ്ട ലെവലുകൾ നിർണ്ണയിക്കണമെന്നും അതിനു യോജിച്ച വെയിറ്റേ

ജ് നിശ്ചയിക്കുകയും ചെയ്യണമെന്ന് ഡോ. ടി. അബ്ദുൽജലീൽ നിർദേശിച്ചു. ജനറൽ പേപ്പറുകളായി പഠിപ്പിക്കപ്പെടുന്ന മുഴുവൻ വിഷയങ്ങൾക്കും ഇപ്രകാരം വെയിറ്റേജ് നിശ്ചയിക്കണമെന്നും അതനുസരിച്ചുള്ള സിലബസ് തയ്യാറാക്കണമെന്നും ഡോ. കെ.ടി ഹാരിസ് ഹുദവി ആവശ്യപ്പെട്ടു. വിശദമായി ചർച്ച ചെയ്യാനും വെയിറ്റേജ് നിശ്ചയിക്കാനുമായി ഡോ. ബഹാഉദ്ദീൻ ഉസ്താദ്, ഡോ. യു.വികെ മുഹമ്മദ്, കുല്ലിയ്യ മേധാവികൾ എന്നിവരടങ്ങുന്ന സമിതിയെ നിശ്ചയിച്ചു. യോഗനടപടികൾക്ക് നേതൃത്വം നൽകാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.

**1.3 കുല്ലിയ്യ ഓഫ് ഉസ്വൂലുദ്ദീൻ**

1.3.1 ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ പ്രധാന ചർച്ചകൾ ഡീൻ ഡോ. അബ്ദുർറശീദ് ഹുദവി ഏലംകുളം അവതരിപ്പിച്ചു.

- Introduction to Islamic Theology എന്ന പേരിൽ ദാറുൽഹുദാ സംവിധാനത്തിൽ അഖീദ പഠിപ്പിക്കുന്നവർക്കായി മൂന്നു മാസ കോഴ്സ് ആരംഭിച്ചു. കോഴ്സിൽ ചേരാൻ താൽപര്യപ്പെടുന്ന പുറത്തുനിന്നുള്ളവർക്കും അവസരം നൽകുന്നുണ്ട്.
- ശറഹുൽഅഖാഇദിലെ സാങ്കേതിക പദങ്ങൾ, തിയറികൾ എന്നിവ വിശദീകരിക്കുന്ന ക്ലാസുകളോ, നോട്ടുകളോ ഉണ്ടെങ്കിൽ അധ്യാപകർക്ക് ലഭ്യമാക്കുക.
- Logic, Theology വിഷയങ്ങൾ പഠിപ്പിക്കാനുതകുന്ന ഇംഗ്ലീഷ് ടെക്സ്റ്റുകൾ സിലബസിൽ ഉൾപെടുത്തുക.
- പൊതുവിഷയങ്ങളിൽ (സാമൂഹിക പ്രശ്നങ്ങൾ) ദാറുൽഹുദാ ഡിപ്പാർട്ട്മെന്റുകൾ കൂടുതലായി ഇടപെടുക.

**1.4 കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ്**

1.4.1 ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ പ്രധാന ചർച്ചകൾ ഡീൻ റഊഫ് ഹുദവി വാഴക്കാട് അവതരിപ്പിച്ചു.

- സിലബസിൽ പാഠഭാഗങ്ങൾ കൂടുതലുള്ളവ ചുരുക്കാനും, റഫറൻസുകൾ ഇല്ലാത്തവക്ക് അവ നൽകാനും തീരുമാനിച്ചു.
- ഡിപ്പാർട്ട്മെന്റ് ടൂൾകിറ്റ് തയ്യാറാക്കാൻ ശാകിർ ഹുദവി, ഖിദർ ഹുദവി തറയിട്ടാൽ, അനീസ് ഹുദവി കമ്പളക്കാട്, സർഫറാസ് എന്നിവരെ ചുമതലപ്പെടുത്തി.
- കഴിഞ്ഞ വർഷം ചർച്ച ചെയ്യുകയും നടപ്പിലാക്കാൻ കഴിയാതെ പോവുകയും ചെയ്ത ജേണൽ പുറത്തിറക്കുക.

1.4.2 ഗവേഷണ പ്രബന്ധങ്ങളുൾപെടുത്തിയ ജേണലുകൾ സർവകലാശാലകളിലെ അത്യാവശ്യ ഘടകമാണെന്നും, പ്രിന്റ് ചെയ്തില്ലെങ്കിൽ ഓൺലൈൻ ആയിട്ടെങ്കിലും പ്രസിദ്ധീകരിക്കണമെന്നും ഡോ. കെ.ടി ഹാരിസ് ഹുദവി നിർദേശിച്ചു.

നിലവിൽ യു.ജി തലത്തിൽ ചില സ്ഥാപനങ്ങളും പി.ജിയിൽനിന്ന് ഖുർആൻ ഇൻസൈറ്റ് എന്ന പേരിൽ ഖുർആൻ ഡിപ്പാർട്ട്മെന്റിനുകീഴിലും ജേണലുകൾ പുറത്തിറക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചു.

**1.5 കുല്ലിയ്യ ഓഫ് ലാൻഗ്വേജസ്**

1.5.1 ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളിലെ പ്രധാന ചർച്ചകൾ ഡീൻ ഡോ. ശാഫി ഹുദവി വെളിമുക്ക് അവതരിപ്പിച്ചു.

- അറബിയിൽ Listening, Speaking രണ്ടും വെവ്വേറെ പരീക്ഷകളായി നടത്തണമെന്ന് നിർദേശം നൽകാൻ തീരുമാനിച്ചു.
- ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ വിദ്യാർഥികളുടെ നൈപുണിവികസത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
- ഡിഗ്രി അവസാന വർഷത്തിലെ ഇംഗ്ലീഷിന് വേണ്ട സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കുക.
- ഡിഗ്രി മൂന്നാം സെമസ്റ്ററിലെ ادب عربي പേപ്പറിന് പഠിക്കാൻ നൽകിയിട്ടുള്ള സ്റ്റഡി മെറ്റീരിയൽ ഒഴിവാക്കി, നിലവാരം കാത്തുസൂക്ഷിക്കുന്ന മറ്റൊരു ടെക്സ്റ്റ് നൽകുക.

1.5.2 تاريخ الأدب ന് നേരത്തേ ഉണ്ടായിരുന്ന പാഠപുസ്തകം ഒഴിവാക്കി, നിലവിലുള്ള പുസ്തകം സിലബസിൽ ഉൾപെടുത്താൻ കാരണം അധ്യാപകർ അധ്യാപന രീതിയിൽ മാറ്റങ്ങൾക്കുതയ്യാറാവാത്തതായിരുന്നുവെന്ന് ഡോ. ശാഫി ഹുദവി വ്യക്തമാക്കി. ടെക്സ്റ്റ് പുസ്തകങ്ങൾ മാറ്റുന്നതിനു പകരം അധ്യാപന രീതിയിലെ മാറ്റങ്ങൾ ഉൾകൊള്ളാൻ അധ്യാപകരെ പ്രാപ്തരാക്കുകയാണ് ശരിയായ വഴിയെന്നും, അതിനായി സിലബസ് ഭാഗങ്ങൾ കുറക്കൽ പരിഹാരമല്ല എന്നും യു. ശാഫി ഹാജി, ഡോ. ഹാരിസ് ഹുദവി എന്നിവർ നിർദേശിച്ചു. ദാറുൽഹുദാ ലക്ഷ്യം വെക്കുന്ന നിലവാരമുള്ള പാഠപുസ്തകങ്ങൾ ലഭിച്ചില്ലെങ്കിൽ ഉള്ള പുസ്തകങ്ങൾ ആ തരത്തിലേക്ക് വികസിപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

## 2. CPET: പുതിയ കോഴ്സുകളും അക്കാദമിക കമ്മിറ്റികളും

2.1 സിപെറ്റിനുകീഴിൽ പുതുതായി നാലു കോഴ്സുകൾ ആരംഭിക്കുന്നതായി രജിസ്ട്രാർ വ്യക്തമാക്കി.

- മുകളിൽ സുചിപ്പിച്ച Introudction to Islamic Theology.
- Quran Thadabbur: ഖുർആൻ പഠനത്തിനായുള്ള കോഴ്സ്
- Language Academy: വിദേശ ഭാഷകൾ പഠിക്കുന്നതിനുള്ള കോഴ്സ്. ഇതിനോടകം മലായ് ഭാഷയിൽ ക്ലാസുകൾ തുടങ്ങി. ഫ്രഞ്ച്, ജാപ്പനീസ്, സ്പാനിഷ് ഭാഷകളിൽ വിദ്യാർഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.
- Skill Up: ഐ.ടി, എ.ഐ, വെബ് ഡവലപ്മെന്റ് തുടങ്ങിയ മേഖലകളിൽ സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സ് മഞ്ചേരി ആസ്ഥാനമായ Learn Logic AI-യുമായി സഹകരിച്ചാണ് നടത്തുന്നത്.

കോഴ്സുകൾക്ക് യോഗം അംഗീകാരം നൽകി.

2.2 കഴിഞ്ഞ അക്കാദമിക് കൗൺസിൽ യോഗത്തിൽ നിർദേശിക്കപ്പെട്ട മഹ്ദിയ്യ സബ്ജക്ട് എക്സ്പേർട്ട് കമ്മിറ്റി, മഹ്ദിയ്യ അക്കാദമിക് കൗൺസിൽ, CPET Board of Academics & Management എന്നീ സമിതികൾ രൂപീകരിച്ചതായി രജിസ്ട്രാർ അറിയിച്ചു. കമ്മിറ്റികളുടെ ഘടന അദ്ദേഹം യോഗത്തിൽ അവതരിപ്പിച്ചു.

## 3. പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കൽ

ഐ.ടി, ഇംഗ്ലീഷ് എന്നിവക്ക് ഡിഗ്രിയിൽ ഡിപ്പാർട്ട്മെന്റ് ആരംഭിക്കണമെന്ന് വിവിധ യോഗങ്ങളിൽ ആവശ്യമുയർന്നതായി രജിസ്ട്രാർ യോഗത്തെ അറിയിച്ചു.

ഗവൺമെന്റ് അംഗീകൃത ഇംഗ്ലീഷ് ബിരുദം വിദ്യാർഥികൾ കരസ്ഥമാക്കുന്നതിനാൽ, ദാറുൽഹുദാ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിന് പ്രാധാന്യം ലഭിക്കുമോ എന്ന് യു. ശാഫി ഹാജി ആശങ്ക പ്രകടിപ്പിച്ചു. പുതുതായി തുടങ്ങുന്നതായതിനാൽതന്നെ, പി.ജിയിൽ ആരംഭിക്കലായിരിക്കും നല്ലതെന്ന് അദ്ദേഹവും ഡോ. സുഹൈൽ ഹുദവിയും അഭിപ്രായപ്പെട്ടു.

രണ്ടു മേഖലയിലും ദാറുൽഹുദാ ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുന്നതിന്റെ ഗുണ-ദോഷങ്ങൾ പഠിച്ചതിന് ശേഷം പി.ജിയിൽ ആരംഭിക്കാമെന്നും, വിജയകരമാണെങ്കിൽ ഡിഗ്രിയിലേക്ക് ഇറക്കാമെന്നും തീരുമാനിച്ചു.

## 4. സഹ്റാവിയ്യ പ്രോഗാമിൽ പി.ജി ആരംഭിക്കൽ

വനിതകൾക്കുള്ള സഹ്റാവിയ്യ പ്രോഗ്രാമിൽ പി.ജി ആരംഭിക്കണമെന്ന് വിദ്യാർഥിനികളിൽനിന്ന് നിർദേശം ലഭിച്ചതായും, ഓൺലൈൻ-ഓഫ്ലൈൻ ഹൈബ്രിഡ് രൂപത്തിൽ സംവിധാനിച്ചാൽ പഠിതാക്കൾക്ക് പ്രയാസമുണ്ടാവില്ലെന്നും യു. ശാഫി ഹാജി അറിയിച്ചു.

പിജി കോഴ്സുകൾ ആരംഭിച്ചാൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളാണ് അനുവദിക്കേണ്ടതെന്നും, പ്രവേശനം ഏതുരീതിയിലായിരിക്കണമെന്നും, കോഴ്സ് ഘടന എങ്ങനെ വേണമെന്നും ചർച്ച ചെയ്യാനും കോഴ്സുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിൽ രൂപരേഖ തയ്യാറാക്കാനുമായി രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി അധ്യക്ഷനും, ദാറുൽഹുദാ വനിതാ വിദ്യാഭ്യാസ കോഡിനേറ്റർ അലിഹസൻ ഹുദവി കൺവീനറുമായ സമിതിയെ നിശ്ചയിച്ചു.

സമിതി അംഗങ്ങൾ: ഡോ. ജാബിർ കെ.ടി ഹുദവി പറമ്പിൽപീടിക.
ഡോ. സുഹൈൽ ഹിദായ ഹുദവി ചെമ്മാട്.
എം.കെ ജാബിറലി ഹുദവി പടിഞ്ഞാറ്റുമുറി.
ഉമറുൽഫാറൂഖ് ഹുദവി പാലത്തിങ്ങൽ.

**5. ഗവേഷണ ബിരുദം**

വിദേശ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് Ph.D ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നത് ദാറുൽഹുദാ സംവിധാനത്തിന് വളരെ ഗുണകരമായിരിക്കുമെന്ന് രജിസ്ട്രാർ വ്യക്തമാക്കി. MoU ഉള്ള സ്ഥാപനങ്ങളുമായി സഹകരിച്ചാൽ ഫീ അടക്കമുള്ള കാര്യങ്ങളിൽ ഇളവുകൾ ലഭിക്കുമെന്നും, ഫീ അടക്കമുള്ള ഘടകങ്ങൾ പരിഗണിക്കുമ്പോൾ, മലേഷ്യ പോലുള്ള രാജ്യങ്ങളേക്കാൾ മധ്യേഷ്യൻ രാജ്യങ്ങളായിരിക്കും കൂടുതൽ സൗകര്യമെന്നും അദ്ദേഹം അറിയിച്ചു.

ഇത്തരത്തിൽ ഗവേഷണം നടത്തുന്നതിന്റെ സാധ്യതയും സാധുതയും പരിശോധിക്കാനായി ഡോ. സ്വലാഹുദ്ദീൻ ഹുദവിയെ കൺവീനറായും ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ, ഡോ. അബ്ദുൽഗഫൂർ കെ.ടി എന്നിവർ അംഗങ്ങളായുമുള്ള സമിതിയെ ചുമതലപ്പെടുത്തി.

**6. പൊതുചർച്ചകൾ**

6.1 ദാറുൽഹുദായിലെ കേരളേതര വിദ്യാർഥികൾക്കു Minority Politiscs പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള പേപ്പറുകൾ സജ്ജീകരിക്കണമെന്ന പലഭാഗത്തുനിന്നുമുള്ള ആവശ്യം പരിഗണിച്ചു, വിശദമായ കോഴ്സ് ഔട്ട്ലൈൻ തയ്യാറാക്കിയിട്ടുണ്ട്. ഏതുരീതിയിലാണ് അവ നടപ്പാക്കേണ്ടതെന്നു കൗൺസിൽ അംഗങ്ങളിൽനിന്ന് അഭിപ്രായം തേടി.

സിലബസിന്റെ ഭാഗമാക്കാതെ, സ്വതന്ത്രമായ ആഡ്ഓൺ കോഴ്സായി നൽകുകയോ, പി.ജി സോഷ്യൽ സയൻസ് പേപ്പറുകളിൽ ഒന്നായി നിശ്ചയിക്കുകയോ ചെയ്യാമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ ഈ വിദ്യാഭ്യാസം നിർബന്ധമാണമെന്നും, പറ്റുമെങ്കിൽ സോഷ്യൽ സയൻസിന്റെ ഭാഗമായി ഒരു പേപ്പർ ആയി നിശ്ചയിക്കാമെന്നും യു. ശാഫി ഹാജി നിർദേശിച്ചു. പി.ജി പ്രോഗ്രാമിൽ സോഷ്യൽ സയൻസ് ബ്ലോക്കിൽ 5-ാം പേപ്പറായി നിശ്ചയിക്കാമെന്ന് ധാരണയായി. കേരളേതര വിദ്യാർഥികൾ ഈ പേപ്പർ പഠിക്കൽ നിർബന്ധമാക്കാനും തീരുമാനിച്ചു.

6.2 ദാറുൽഹുദായുടെ കൂടെ ഇംഗ്ലീഷിൽ University എന്ന് ഉപയോഗിക്കുന്നതുകൊണ്ടു പലപ്രശ്നങ്ങളുമാണ്ടാകാനിടയുണ്ടെന്നും, അറബിയിൽ ജാമിഅ എന്നുപയോഗിച്ചാൽ നിയമപ്രശ്നങ്ങളിൽനിന്നു രക്ഷപ്പെടുന്നതോടൊപ്പം ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നതിനുള്ള നിയമ പരിരക്ഷ ലഭിക്കാനിടയുണ്ടെന്നും ഡോ. കെ.ടി ഹാരിസ് ഹുദവി അഭിപ്രായപ്പെട്ടു. ഡീംഡ് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ കൂടുതലായി അനുവദിക്കുന്ന രീതിയിലാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയിട്ടുള്ളതെന്നും, ഇപ്പോഴേ നമ്മുടെ സംവിധാനം അതിനുവേണ്ട രീതിയിൽ രജിസ്ട്രേഷൻ ചെയ്യുന്നത് ആലോചിച്ചാൽ ഗവൺമെന്റ് അംഗീകാരമുള്ള സംവിധാനത്തിലേക്കു മാറാൻ ദാറുൽഹുദാക്ക് സാധിക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

ദാറുൽഹുദായുടെ എല്ലാ രേഖകളിലും ഔദ്യോഗിക നാമം ദാറുൽഹുദാ ഇസ്ലാമിക് അക്കാദമി മാനേജിംഗ് കമ്മറ്റിക്ക് കീഴിൽ നടത്തപ്പെടുന്ന جامعة دارالهدى الإسلامية എന്നാക്കാൻ ധാരണയായി.

വൈകീട്ട് 4.40 ന് യോഗം സമാപിച്ചു.

**Approved by:**

Dr. Bahauddeen Muhammed Nadwi
(Vice-Chancellor)

DARUL HUDA ISLAMIC UNIVERSITY
KERALA, INDIA
676 306
CHEMMAD, MALAPPURAM